# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**KSFESA CITU**

**Reg. No. 181/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in Web : www.ksfesa.com**

President
A.K.Balan MLA
Mob : 9846361111

General Secretary
S.Muraleekrishnapillai
Mob : 9446538432


**സർക്കുലർ : 10/2014**

സഖാക്കളെ സുഹൃത്തുക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളുടെ യോഗം 27-08-2014 ബുധൻ രാവിലെ 10 ന് തിരുവനന്തപുരം സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു.

**ബോണസ് – ഇൻസെന്റീവ് ചർച്ച**

അന്നേദിവസം രാവിലെ 11.30ന് തിരുവനന്തപുരം ചൈത്രം ഹോട്ടലിൽ വച്ച് ബോണസ്-ഇൻസെന്റീവ് ചർച്ച നടന്നു. ചിട്ടി ബിസിനസ്സിലും വായ്പയിലും മാത്രമല്ല ലാഭത്തിലും ഗണ്യമായ വർദ്ധനവാണ് ഉണ്ടായതെന്ന് ചെയർമാനും എം.ഡിയും ആമുഖമായി സൂചിപ്പിച്ചു. ജീവനക്കാരിൽ നിന്നും മെച്ചപ്പെട്ട സഹകരണമാണുണ്ടായ തെന്നും അവർ പറഞ്ഞു. വർദ്ധിച്ച ലാഭം സ്ഥാപനത്തിന്റെ അടിത്തറ വിപുലപ്പെടുത്തുന്നതിന് വേണ്ടി വിനിയോഗിക്കുമെന്ന് ചെയർമാൻ പറഞ്ഞു. Core solution നടപ്പിലാക്കുന്നതിനും technology upgradation നും മാത്രമല്ല പുതിയ റിക്രൂട്ട്മെന്റും സൃഷ്ടിക്കുന്ന അധികചെലവ് സ്ഥാപനം വഹിക്കേണ്ടിവരുമെന്ന് എം.ഡി അഭിപ്രായപ്പെട്ടു.

ജീവനക്കാർക്കുള്ള ഉപഹാരം (1 ഗ്രാം തങ്കം) നൽകാനുള്ള തീരുമാനം നടപ്പിലാക്കാൻ കഴിയാതിരുന്നത് തപാൽ വകുപ്പ് സ്വർണ്ണനാണയം വിതരണം ചെയ്യുന്ന പദ്ധതി നിറുത്തലാക്കിയത് കൊണ്ടാണെന്നും വൈകാതെ ജീവനക്കാർക്കുള്ള ഉപഹാരം നൽകുമെന്നും ചെയർമാൻ അറിയിച്ചു. 2013-14 സാമ്പത്തികവർഷം 163.57 കോടി രൂപ പ്രവർത്തന ലാഭവും 101.34 കോടി രൂപ നികുതി ബാദ്ധ്യതയും 38.36 കോടിരൂപ available surplus ഉം 22.89 കോടി രൂപ Balance allocable surplus ഉം കാണിക്കുന്ന കണക്കാണ് മാനേജ്മെന്റ് ചർച്ചയിൽ അവതരിപ്പിച്ചത്. എന്നാൽ നികുതി ബാധ്യത 101.34 കോടി രൂപയായി ഉയർന്നതിനെകുറിച്ച് സംഘടനകൾ വിശദീകരണം ആവശ്യപ്പെട്ടു. Service charge, Gurantee commission എന്നിവ ചെലവായി അംഗീകരിക്കാൻ ആദായനികുതി വകുപ്പ് തയ്യാറാകാത്തതിനാൽ ആ തുകയ്ക്കും കൂടി നികുതി ബാദ്ധ്യത വന്നതുമൂലമാണ് നികുതി ചെലവ് വർദ്ധിച്ചതെന്ന് മാനേജ്മെന്റ് അറിയിച്ചു. കൂടാതെ ഈ തുകക്ക് Service tax ഉം നൽകേണ്ടി വരികയാണ്. മൊത്തം ശമ്പളചെലവ് (BP+DA+PP) 230 കോടി രൂപയാണ്. ഇതിൽ 3281 വർക്ക്മെൻ ജീവനക്കാരുടെ ശമ്പളം 105 കോടി രൂപയും 1831 ആഫീസർമാരുടെ ശമ്പളം 125 കോടി രൂപയുമാണ്.

**തീരുമാനങ്ങൾ**

**ഫെസ്റ്റിവൽ അഡ്വാൻസ്**

താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകാൻ തീരുമാനിച്ചു.

| | | |
|---|---|---|
| വർക്ക്മെൻ (PTS) | : | 28000 രൂപ |
| വർക്ക്മെൻ (PTS ഒഴികെ) | : | 37000 രൂപ |
| ഓഫീസർമാർ | : | 41000 രൂപ |

**ബോണസ്**

20% നിരക്കിൽ ബോണസ് നൽകാൻ തീരുമാനിച്ചു. 2013-14 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 10000 രൂപയിൽ കൂടുതൽ ശമ്പളം ലഭിച്ചവർക്ക് ബോണസ് ലഭിക്കുന്നതല്ല. 10000 രൂപ വരെ ശമ്പളം വാങ്ങിയ മാസങ്ങളിൽ പ്രതിമാസം 700 രൂപ നിരക്കിൽ ഇവർക്ക് ബോണസ് ലഭിക്കും. 203 ജീവനക്കാർക്ക് ബോണസിന് അർഹതയുണ്ട്. ഇത്തവണ ബോണസ് നൽകാൻ 20 ലക്ഷം രൂപ മതിയാകും.

**ഫെസ്റ്റിവൽ അലവൻസ്**

ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് 2200 രൂപയും റിട്ടയർ ചെയ്ത ജീവനക്കാർക്ക് 1800 രൂപയും ഫെസ്റ്റിവൽ അലവൻസ് ലഭിക്കും. 31-03-2014ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് ഫെസ്റ്റിവൽ അലവൻസും അത്രയും തന്നെ തുക ഇൻസെന്റീവും ലഭിക്കും. Ex Service, Appraiser വിഭാഗം ജീവനക്കാർക്ക് കഴിഞ്ഞ തവണത്തെതിനെക്കാൾ 300 രൂപയും ഏജന്റുമാർക്ക് 150 രൂപയും അധികമായി ഫെസ്റ്റിവൽ അലവൻസ് ലഭിക്കും.

**പെർഫോർമൻസ് ഇൻസെന്റീവ്**

കഴിഞ്ഞ വർഷം നൽകിയ തുക (അതായത് 15.75 കോടി രൂപ) ഇൻസെന്റീവായി നൽകുന്നതിന് മാനേജ്മെന്റ് സന്നദ്ധമാണെന്ന് ചെയർമാൻ അറിയിച്ചു. ഇത് ശമ്പളത്തിന്റെ 6.84% മാത്രമേ വരികയുള്ളൂ. 111 കോടിയിൽ നിന്നും 163.57 കോടിയിലേക്ക് ലാഭം ഉയർന്നിട്ടുണ്ടെന്നും ആനുപാതികമായ വർദ്ധനവ് ജീവനക്കാർക്ക് നൽകണമെന്നും നാം വാദിച്ചു. മാത്രമല്ല കഴിഞ്ഞ വർഷത്തിലെ യഥാർത്ഥ ലാഭം കണക്കെടുപ്പ് പൂർത്തിയായപ്പോൾ 140 കോടിയിലേക്ക് ഉയരുകയും ചെയ്തു. യഥാർത്ഥ ലാഭത്തിന് ആനുപാതികമായ ഇൻസെന്റീവ് കഴിഞ്ഞ വർഷം ലഭിക്കാത്തതിനാൽ ജീവനക്കാർക്ക് നഷ്ടം ഉണ്ടായിട്ടുണ്ടെന്നും നാം വാദിച്ചു. എല്ലാ സംഘടനകളും സമാനമായ വാദമാണ് ഉയർത്തിയത്. വർക്ക്മെൻ ജീവനക്കാർക്ക് ഒരുമാസത്തെ ശമ്പളത്തിന് തുല്യമായ തുകയെങ്കിലും ഇൻസെന്റീവായി ഉറപ്പുവരുത്തണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. ഉച്ചഭക്ഷണത്തിനുശേഷം ചർച്ച വീണ്ടും തുടർന്നു. 2 മണിക്കൂറോളം ചർച്ച തുടർന്നെങ്കിലും സമവായമുണ്ടായില്ല. ചർച്ചയുടെ അവസാനം 7.75% ഇൻസെന്റീവ് നൽകാമെന്ന് ചെയർമാൻ അറിയിച്ചു. ഇൻസെന്റീവിന് പരമാവധി പരിധി തുക നിശ്ചയിക്കണമെന്ന നമ്മുടെ വാദത്തെ ആഫീസേഴ്സ് സംഘടനകൾ കൂട്ടായി എതിർത്തു. FEEA നമ്മുടെ വാദത്തോട് യോജിച്ചു. ചർച്ചയ്ക്കൊടുവിൽ 90000 രൂപ പരിധി നിശ്ചയിക്കുകയാണെന്ന് ചെയർമാൻ അറിയിച്ചു.

വൈകുന്നേരം 6 മണിക്ക് ബഹു: ധനകാര്യമന്ത്രി ശ്രീ.കെ.എം.മാണിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ ചേംബറിൽ ചർച്ച തുടർന്നു. ചർച്ചയ്ക്കൊടുവിൽ 8% ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചു. പരമാവധി പരിധി തുക 1 ലക്ഷം രൂപയായി നിജപ്പെടുത്തി. 18.40 കോടി രൂപ ഇൻസെന്റീവായി വിതരണം ചെയ്യും. ഇതിൽ 10 കോടി രൂപ ആഫീസർമാർക്കും 8.4 കോടിരൂപ വർക്ക്മെൻ ജീവനക്കാർക്കും ലഭിക്കും.

ആഫീസർ സംഘടനകളുടെ കൂട്ടായ എതിർപ്പിനെ പ്രതിരോധിച്ചുകൊണ്ട് പരമാവധി പരിധി എന്ന നമ്മുടെ നിലപാട് അംഗീകരിപ്പിക്കാൻ കഴിഞ്ഞു. സ്ഥാപനത്തിന്റെ വികസനത്തിന് പണം നീക്കിവയ്ക്കണമെന്ന വാദം ഉയർത്തിയ മാനേജ്മെന്റ് പരിധിയില്ലാതെ ഇൻസെന്റീവ് നൽകണമെന്ന വാദത്തോട് അനുഭാവപൂർവ്വം യോജിക്കുകയാണ് ചെയ്തത്. ഈ നിലപാട് മാനേജ്മെന്റ് പുനഃപരിശോധിക്കണം. മറ്റുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി മൂന്ന് മാസ്റ്റർ സ്കെയിലുകൾ നിലനിൽക്കുന്ന നമ്മുടെ സ്ഥാപനത്തിലെ അടിസ്ഥാനവിഭാഗം ജീവനക്കാരുടെ പ്രശ്നം മനസ്സിലാക്കാനുള്ള ഉയർന്ന സാമൂഹ്യബോധം ആഫീസർ സംഘടനകളിൽ നിന്നും നാം പ്രതീക്ഷിക്കുന്നു.

**ബോണസ് – ഇൻസെന്റീവ് ലെവി**

മുൻകാലങ്ങളെപ്പോലെ 3% നിരക്കിൽ അംഗങ്ങളിൽ നിന്നും ബോണസ്-ഇൻസെന്റീവ് ലെവി പിരിച്ചെടുക്കാൻ സംസ്ഥാനസെക്രട്ടറിയേറ്റ് യോഗം തീരുമാനിച്ചു. ഫെസ്റ്റിവൽ അലവൻസിന് ലെവി ബാധകമല്ല. ബോണസ് തുകയിൽ 2200 രൂപ കഴിച്ചുള്ള തുകയ്ക്കാണ് ബോണസ് ലെവി കണക്കാക്കേണ്ടത്.

അഭിവാദനങ്ങളോടെ,

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE സ്റ്റാഫ് അസ്സോസിയേഷൻ (CITU)

തിരുവനന്തപുരം
29-08-2014



**എല്ലാ ജീവനക്കാർക്കും KSFE SA (CITU) ന്റെ ഓണാശംസകൾ**

ജീ.വി.പ്രിന്റേഴ്സ്, ബാലരാമപുരം. ഫോൺ : 2400516